Talented Bankers Literary Panel
പുസ്തക പരിചയം 113

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMECC, കൊട്ടാരക്കര.

മുച്ചീട്ടു കളിക്കാരന്റെ മകളും,.. ചില ഗഡാഗഡിയൻ നോവലുകളും..

വൈക്കം മുഹമ്മദ് ബഷീർ

മതാന്ധത ഒരു പൊതു മൂല്യം ആയി മാറുന്ന സമൂഹത്തിൽ, അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ലയിച്ചു നനഞ്ഞ കെട്ടപ്പാടിൽ, ബഷീറിയൻ സാഹിത്യം വായിക്കുമ്പോൾ, ഇവയെയൊക്കെ നോക്കി പൊട്ടിച്ചിരിക്കുന്ന ഒരു പ്രതീതി നമുക്ക് ബഷീർ തരും. അത്ര നിസാരമായാണ് അതിനിശിത വിമർശനങ്ങൾ, അദ്ദേഹം ഹാസ്യത്തിന്റെ മണ്ണിൽ നട്ടു വിരിയിക്കുന്നത്.

ഒറ്റകണ്ണൻ പോക്കർ, മകൾ സൈനബ , മണ്ടൻ മൂത്താപ്പ, ആനവാരി രാമൻ നായർ, പൊൻകുരിശു തോമ, എട്ടു കാലി മമ്മൂഞ്ഞ്, മുഴയാൻ നാണു, ഉണ്ടക്കണ്ണൻ അന്ത്രു, കൊച്ചു ത്രേസ്യ, അങ്ങനെ ബഷീർ സ്റ്റൈലിൽ പേരുള്ള ഇവരാണ് പ്രധാന മനുഷ്യ കഥാപാത്രങ്ങൾ.. പിന്നെ ഗജ കുലത്തിൽ പിറന്ന കൊച്ചു നീലാണ്ടനും പാറുകുട്ടിയും..

നാടോ?? ഭൂമിയുടെ ഒത്ത നടുക്ക് എന്നു വസിക്കുന്നവർ വിശ്വസിക്കുന്ന നാട്..

അപ്പൊ കഥ എങ്ങനാ?? നിങ്ങള്ക്ക് തെറ്റിപോയി.. ഇത് കഥയല്ല.. നമ്മുടെ കഥാകാരൻ ബഷീർ ഒരു വിനീത ചരിത്രകാരനായി ആ നാട്ടിൽ കഥാപാത്രങ്ങൾക്കൊപ്പം ഉണ്ടെന്നേ.. അപ്പൊ ഇത് ഒരു ചരിത്രം പറച്ചിൽ ആണേ..

പെണ്മക്കൾ ഒന്നിനെയും ജീവനോടെ വച്ചേക്കാൻ പാടില്ല എന്ന ഒറ്റക്കണ്ണൻ പോക്കറുടെ സിദ്ധാന്തത്തിനു നിദാനമായ ചരിത്രത്തിലാണ് തുടക്കം.. അല്ല ഒരു മുച്ചീട്ടു കളിക്കാരനോട് സ്വന്തം മകൾ ചെയ്യാൻ പാടുള്ള ചെയ്ത്താണോ സൈനബ ചെയ്തത്???? അതും മണ്ടൻ മുത്തപ്പക്ക് വേണ്ടി... ഒരു പ്രണയ പുകിൽ..

പിന്നെ വരുന്നത് ആനവാരി രാമൻ നായരുടെ ചരിത്രമാണ്.. സ്ത്രീ വിരോധിയായ രാമൻ നായർ തന്റെ എന്ത് വിഷമവും തീർക്കുന്നത്

ഗജറാണി പാറുകുട്ടിയുടെ പള്ളക്കിട്ടു ഏറു കൊടുത്തും, പാറുക്കുട്ടി കാണെതന്നെ കൊച്ചുനീലാണ്ടന് ശർക്കരയും പഴവും കൊടുത്തും പാറുകുട്ടിയെ "പോടീ കഴ്തേ..." എന്നു വിളിച്ചു ആക്ഷേപിച്ചും ആണ്.. ആനവാരി എന്ന പേര് വന്നതും രസകരമായ ചരിത്രം..

പൊൻകുരിശു തോമയുടെ ചരിത്രം. .. ജയിലിൽ തനിക്കു കാവൽ നിൽക്കുന്ന റിട്ടയർ ആവാറായ പോലീസ്കാരന്റെ വേവലാതിയും ദാരിദ്ര്യവും കണ്ടു അന്ന് രാത്രി ജയിൽ ചാടി പോയി പള്ളിയുടെ പൊന്നും കുരിശു മോഷ്ടിക്കുന്ന തോമ.. ഇൻസ്പെക്ടർ ചോദിക്കുമ്പോൾ സത്യ ക്രിസ്ത്യാനീ ആയ തോമ ഇങ്ങനെ പറയുന്നു "കർത്താവായ യേശു മിശിഹാ തമ്പുരാനെ ക്രൂശിച്ചതു മരകുരിശിൽ അല്ലെ? പള്ളിക്ക് എന്തിനാ പൊൻകുരിശ് ?"

അവിടെ തുടങ്ങും ചരിത്രകാരന്റെ ആക്ഷേപത്തിന്റെ കൂരമ്പുകൾ..പലുങ്കൂസൻ ന്യായം പറയുന്ന സകല പിന്തിരിപ്പൻ മൂരാച്ചികളെയും പൊടിച്ചു ഭസ്മമാക്കി മഷിയിൽ ചാലിച്ചു താളിൽ പകർത്തികളയും നമ്മുടെ വിനീതചരിത്രകാരൻ

ചൊറിയൻ പുഴു യുദ്ധം സമാധാനമായി അവസാനിച്ചു.. കാരണം ആ നാട്ടിലെ ജനങ്ങൾ വളരെ സമാധാന പ്രിയരാണ്..

വസൂരിയും കോളറയും യഥാക്രമം മുസൽമാനും ക്രിസ്ത്യനിയും വീതിച്ചെടുത്തെങ്കിലും ഹിന്ദുക്കൾക്ക് കണ്ടംപറയൻ എന്ന പരമശക്തൻ ഉണ്ടല്ലോ..ഈ കണ്ടംപറയൻ ഏഴു വൻ ലോക ശക്തികളെ നിയന്ത്രിക്കുന്ന പഹയൻ ആണ്.. കുട്ടിച്ചാത്തൻ, ഒറ്റമുലച്ചി, ആനമറുത, ചാമുണ്ടി, പടുവൻ, അറുകൊല, ഗുളികൻ (ഈ നാമങ്ങൾ എല്ലാം വാഴ്ത്തപ്പെടട്ടെ !) എന്നിവരാണ് ആ വൻ ശക്തികൾ.. (ആക്ഷേപം അതിരു കവിയുന്നോ എന്നു തോന്നാത്ത വിധം ചരിത്രകാരൻ അതിരു കവിയുന്നുണ്ട്.. അല്ലെ? ആ വിനീതൻ ആയ ചരിത്രകാരൻ നമ്മുടെ ബേപ്പൂർ സുൽത്താൻ തന്നെയാണെ..മറക്കണ്ട. )

അങ്ങനെ. രസകരമായ ആ ചരിത്രം ബഷീർ പറയുകയാണ്.. നിലനിൽക്കുന്ന സകല സാമൂഹിക ദുഷിപ്പും എടുത്തു പുറത്തിട്ടാണ് ചരിത്രം പറച്ചിൽ.. ആൾ ദൈവങ്ങൾ, ഒപ്പ് ശേഖരണം, സ്വജന പക്ഷപാതം, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ.. അങ്ങനെ സമകാലീന ജീവിതത്തിൽ നമ്മളെ ചുറ്റുന്ന എല്ലാ കൊള്ളരുതായ്മകളെയും ബഷീർ പരിഹസിക്കുന്നുണ്ട്..

പിന്നെ കുശിനിപണിക്കാരനായ, നിരക്ഷരൻ ആയ മൂക്കൻ.. (മണ്ടക്കൂട്ടമല്ല്യോ ജനം..തനി ബഡുക്കൂസുകൾ, വിപ്ലവകാരികൾ..

അവർ കാരണം ഡോക്ടർ ഓഫ് ലിറ്ററേച്ചർ വരെ കിട്ടിയ മൂക്കൻ.. )

ലാളിച്ചു പോറ്റി വളർത്തി,കഷ്ടപ്പെട്ട് വിവാഹം കഴിപ്പിച്ചു അയച്ച തന്റെ സഹോദരിയെ മർദിച്ചു രോഗിയാക്കി ദുരിതത്തിൽ മുക്കിയിട്ടു, അകാരണമായി തലാക്ക് ചൊല്ലിയ കുഞ്ഞ്ബ്ദുള്ളയെ, അയാളുടെ പുനർവിവാഹത്തിന്റെ അന്ന്, കല്യാണത്തിന് തൊട്ട് മുൻപ് പിടിച്ചു മുറ്റത്തു കൊണ്ടുവന്നു കാലിൽ തൂക്കി തെങ്ങിൽ ആഞ്ഞാഞ്ഞു അടിച്ചു കൊന്ന അബ്ദുർ റസാഖിന്റെ വധശിക്ഷ... പടച്ചോന്റെ നീതിയും, രാജ്യത്തിന്റെ നീതിയും തുലാസിൽ തൂക്കി നമ്മുടെ ചിന്തകളെ വെട്ടിലാക്കി അബ്ദുർ റസാഖിനെ തൂക്കിക്കൊല്ലും..

Note : ബഷീർ സ്റ്റൈലിൽ അല്ലാതെ ആധുനിക പളങ്കൂസൻ സ്റ്റൈലിൽ ഒന്നും ബഷീറിയൻ സാഹിത്യം റിവ്യൂ ചെയ്യാൻ പറ്റില്ല..അല്ലെങ്കിലും പിന്തിരിപ്പൻമാരെയും കപടപുരോഗമന വാദികളെയും അതേ ആയുധം കൊണ്ടു നേരിട്ട ബേപ്പൂർ സുൽത്താൻ ബഡുക്കൂസുകളുടെ വാക്കുകൾക്ക് ഉള്ളിൽ ഒതുങ്ങി നിൽക്കുന്ന ആളല്ലല്ലൊ.

പ്രസാധകർ - ഡിസി ബുക്സ്
വില - Rs. 260